**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രവർഗ്ഗകാർക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>**(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ഏറ്റവും കുറഞ്ഞത് ഒരു ഗോത്ര വർഗ്ഗ കുടുംബത്തിലെ ഒരംഗത്തിന് തൊഴിൽ നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെക്കെയാണെന്ന് അറിയിക്കാമോ ; | (എ) | പി.എസ്.സി മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 46 വകുപ്പുകളിലായി 1487 പേർക്ക് സർക്കാർ മേഖലകളിൽ തൊഴിൽ നൽകി. പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീ യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ജോലി നൽകിയിട്ടുണ്ട്. വനം വകുപ്പിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2895 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. 2016-17 വർഷം മുതൽ നാളിതുവരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 16 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 46 കോഴ്സുകളിലായി 5658 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം കുറഞ്ഞ പട്ടികവർഗ്ഗക്കാർക്ക് വരുമാനം ഉറപ്പാക്കുന്നതിനായി ട്രൈബൽ പ്ലസ് എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 32,657 കുടുംബങ്ങൾക്ക് 100 ദിന തൊഴിൽ പൂർത്തിയാക്കാനും അതിൽ 29,252 കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ നൽകാനും സാധിച്ചു. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ഗോത്രവർഗ്ഗ കുടുംബങ്ങളിൽ ഉള്ളവർക്ക് തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ; | (ബി) | ഈ പദ്ധതി പ്രകാരം വിവിധ വകുപ്പുകളിലൂടെ നൽകിയ തൊഴിലുകൾ ചുവടെ ചേർക്കുന്നു. 1. എക്സൈസ് & പോലീസ് - 100 വ്യക്തികൾ 2. വിദ്യാഭ്യാസ വകുപ്പ് (മെന്റർ ടീച്ചർ) - 297 വ്യക്തികൾ 3. നൈപുണ്യ വികസനം - 500 വ്യക്തികൾ 4. ഗോത്രജീവിക – 1050 വ്യക്തികൾ 5. ഫെസിലിറ്റേറ്റർ - പഠനമുറി - 250 വ്യക്തികൾ 6. ട്രൈബൽ പ്ലസ് - |

| | | | |
|---|---|---|---|
| | | | 29,252 കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ നൽകി |
| (സി) | ഇനി എത്ര ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിൽ നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | ഒരു കുടുംബത്തിൽ ഒരാൾക്ക് ഒരു തൊഴിൽ എന്ന പദ്ധതി തുടർന്നും നടപ്പിലാക്കി വരികയാണ്. ഇനി എത്ര കുടുംബങ്ങൾക്ക് തൊഴിൽ നൽകുവാനുണ്ടെന്ന വിവരം പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് മാത്രമേ കണക്കാക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ